(ബി) തീരദേശ റോഡുകളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നില്ല.

തീര വനവല്ക്കരണ പദ്ധതിയുടെ ഭാഗമായി മാറ്റിത്താമസിപ്പിക്കുന്ന മത്സ്യത്തൊഴിലാളികൾ

175 (6093) ശ്രീ. എൻ. രാജൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തീരവനവല്ക്കരണ പദ്ധതിയുടെ ഭാഗമായി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ടിവരും ; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

മത്സ്യകേരളം പദ്ധതി

176 (6094) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മത്സ്യകേരളം പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) മത്സ്യകേരളം പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നു ; പ്രസ്തുത പദ്ധതി ലക്ഷ്യം കൈവരിച്ചോ ; ഇല്ലെങ്കിൽ കാരണമെന്ത് ; ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ 38 പഞ്ചായത്തുകളിലും ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിലും മത്സ്യകേരളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആലത്തൂർ ബ്ലോക്കിലെ തരൂർ, ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി, വണ്ടാഴി, വടക്കാഞ്ചേരി പഞ്ചായത്തുകൾ, കുഴൽമന്ദം ബ്ലോക്കിലെ കുഴൽമന്ദം, തേൻകുറുശ്ശി, മാത്തൂർ, കുത്തനൂർ, കണ്ണാടി പഞ്ചായത്തുകൾ, മലമ്പുഴ ബ്ലോക്കിലെ മരുത റോഡ്, പുതുശ്ശേരി, എലപ്പുള്ളി, പുതുപ്പരിയാരം, അകത്തേത്തറ, പെരുവമ്പ് പഞ്ചായത്തുകൾ, ചിറ്റൂർ ബ്ലോക്കിലെ എരുത്തേമ്പതി, പട്ടഞ്ചേരി, നല്ലേപ്പള്ളി പഞ്ചായത്തുകൾ, പാലക്കാട് ബ്ലോക്കിലെ പറളി,

LIBRARY ARCHIVES Kerala Legislative Assembly